**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1361** — **13.12.2012 - ൽ മറുപടിക്ക്**

## <u>ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പ്</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ.എം.എ.വാഹിദ്**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.വർക്കല കഹാർ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാതക്കുള്ള സ്ഥലമെടുപ്പിന് എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) ദേശീയപാത വികസനത്തിനായി എൻ.എച്ച്.എ.ഐ.യുടെ കീഴിൽ വിവിധ മേഖലകളിലായി സ്പെഷ്യൽ തഹസിൽദാർമാരുടെയും, സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരുടെയും നേതൃത്വത്തിൽ സ്പെഷ്യൽ സ്ഥലമെടുപ്പ് യൂണിറ്റുകൾ ഉണ്ടാക്കിയിട്ടുണ്ട്. എൻ.എച്ച്.ആക്ട് 1956 അനുസരിച്ചാണ് സ്ഥലമെടുപ്പ നടപടികൾ പുരോഗമിക്കുന്നത്. |
| (ബി) അലൈൻമെന്റുമായി ബന്ധപ്പെട്ട പാകപ്പിഴകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) സ്ഥലമെടുപ്പ് പരാതികൾ പരിഹരിക്കാൻ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) & (സി) അലൈൻമെന്റ്, സ്ഥലമെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട പരാതികൾക്ക് എൻ.എച്ച്. ആക്ട് 1956 - സെക്ഷൻ '3C' അനുസരിച്ച് അതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസർമാർ പരിഹാരം കാണുന്നതാണ്. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരാണ് സ്ഥലമെടുപ്പ് സംബന്ധിച്ച അധികാരി. സ്പെഷ്യൽ ഡെപ്യൂട്ടി |

കളക്ടർ നിശ്ചയിച്ച നഷ്ടപരിഹാരം സ്വീകാര്യമായില്ലെങ്കിൽ പദ്ധതി ബാധിതർക്ക് ആർബിട്രേറ്ററെ (ജില്ലാ കളക്ടർ) സമീപിക്കാവുന്നതാണ്. ആർബിട്രേഷൻ അവാർഡ് തൃപ്തികരമായില്ലെങ്കിൽ ജില്ലാ കോടതിയെ സമീപിക്കാവുന്നതാണ്.

(ഡി) ദേശീയപാതയുടെ വീതി എത്രയായിട്ടാണ് ഇപ്പോൾ നിജപ്പെടുത്തിയിട്ടുള്ളത്?

(ഡി) 45 മീറ്റർ റൈറ്റ് ഓഫ് വേ ആണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ